പുറത്തു നിൽക്കുകയായിരുന്ന ബന്ധുക്കളെ അഷറഫ് കാണാനിടയായി. അഷറഫ് ഓടി വന്ന് അവരോട് ക്ഷേമാന്വേഷണം നടത്തിയിട്ട് പറഞ്ഞു, കസ്റ്റംസ് ക്ലിയറൻസ് കഴിഞ്ഞിട്ടില്ല, എന്നെ വല്ലാതെ ബുദ്ധിമുട്ടിപ്പിക്കുകയാണ് എന്ന്. ക്ലിയറൻസ് കഴിഞ്ഞതിനുശേഷം ഞാൻ വരാം എന്ന് പറഞ്ഞ് അയാൾ പോയി. അതു കഴിഞ്ഞ് ആരോ ഒരാൾ വന്ന് തന്നോടൊപ്പം ചെല്ലണമെന്ന് അഷറഫിന്റെ അനുജനോടു പറഞ്ഞു. അദ്ദേഹം അവിടെ ചെന്നുനോക്കിയ പ്പോൾ വേദനകൊണ്ട് അഷറഫ് കൈ നെഞ്ചിൽ അമർത്തിപ്പിടിച്ച് പുളയുക യായിരുന്നു. അനുജനെ കണ്ട ആശ്വാസത്തിൽ എനിക്കു ഭക്ഷണം തരണം എന്ന് അഷറഫ് ആവശ്യപ്പെട്ടു. ഭക്ഷണം വാങ്ങിക്കാൻ അനുജൻ പുറത്തു പോയി. തിരിച്ചു വന്നു നോക്കിയപ്പോൾ ചലനമറ്റു കിടക്കുന്ന നിലയിലാണ് അഷറഫിനെ അനുജൻ മുനീറിന് കാണാൻ സാധിച്ചത്. കസ്റ്റംസ് അധികൃത രുടെ പീഢനം മൂലമാണ് മരണമെന്ന് ഇതു സംബന്ധിച്ച് പത്രങ്ങളിലൊക്കെ വാർത്ത വന്നിട്ടുണ്ടായിരുന്നു. മാത്രവുമല്ല അനുജന്റെതന്നെ ഒരു പരാതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്താണ് ഇതിന്റെ യഥാർത്ഥ സ്ഥിതിയെന്ന് അറിയുന്നതിനാവശ്യമായ അന്വേഷണം നടത്തി, ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്ന തിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, 22-3-2000-ന് കുവൈ റ്റിൽനിന്നും ഇൻഡ്യൻ എയർലൈൻസ് വിമാനത്തിൽ കോഴിക്കോട് വിമാന ത്താവളത്തിൽ വന്നിറങ്ങിയ വടകര കല്ലാർ വീട്ടിൽ മുഹമ്മദ് അഷറഫ്, കസ്റ്റംസ് അധികൃതരുടെ ചോദ്യംചെയ്യലിനിടയിൽ കുഴഞ്ഞുവീണു. എയർപോർട്ട് അതോറിറ്റിയുടെ ഡോക്ടർ പരിശോധിച്ചതിനുശേഷം ബന്ധു ക്കളോടൊപ്പം കൊണ്ടോട്ടി മെഴ്സി ആശുപത്രിയിൽ ചികിൽസിക്കാൻ കൊണ്ടുപോകുംവഴി മുഹമ്മദ് അഷറഫ് മരണമടഞ്ഞു. കസ്റ്റംസ് പീഡനം മൂലമാണ് മരണപ്പെട്ടതെന്ന ഒരു പരാതിയും ലഭിച്ചിട്ടില്ല. പരാതി ലഭിച്ചാൽ ഇക്കാര്യം അന്വേഷിക്കുന്നതാണ്.

(2) മലയോര വികസന അതോറിറ്റി രൂപീകരണം

ശ്രീ. ഇ.എം. അഗസ്തി : സർ, കേരളത്തിന്റെ വികസന ചരിത്ര ത്തിൽനിന്നും പൂർണ്ണമായും ഒഴിവാക്കപ്പെട്ടിരിക്കുന്ന കിഴക്കൻ മലയോര പ്രദേ ശങ്ങളുടെ വികസനം ലക്ഷ്യമാക്കി മലയോര വികസന അതോറിറ്റി രൂപീകരി ക്കണമെന്ന ആവശ്യം മുൻനിർത്തി ഇടുക്കി ജില്ലയിലെ കോൺഗ്രസ്സ് പ്രവർത്തകൻമാർ ഇന്ന് സെക്രട്ടേറിയറ്റിനു മുമ്പിൽ ധർണ്ണ നടത്തുകയാണ്. 1995-ൽ ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് മലയോര വികസന അതോറിറ്റി രൂപീകരണം പ്രഖ്യാപിച്ചത്. 1995-ലെ ബഡ്ജറ്റിൽ ഒരു കോടി രൂപ പ്രാരംഭ പ്രവർത്തനത്തിനു നീക്കിവയ്ക്കുകയും സംസ്ഥാനത്തെ സീനിയർ ഐ.എ.എസ്. ഓഫീസർ ശ്രീ. എം.എസ്. ജോസഫിനെ ഇതിന്റെ പഠനം നടത്തുന്നതിന് സ്പെഷ്യൽ ഓഫീസറായി നിയോഗിക്കുകയും ചെയ്തു. ശ്രീ. എം.എസ്. ജോസഫിന്റെ റിപ്പോർട്ട് ഈ ഗവൺമെന്റ് സ്വീകരി ച്ചിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. മലയോര വികസന അതോറിറ്റി ആവ ശ്യമില്ലെന്നുള്ള ഈ ഗവൺമെന്റിന്റെ സമീപനം ഇടുക്കി, വയനാട്, പത്തനം തിട്ട, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിലെ കിഴക്കൻ മലയോര പ്രദേശങ്ങളിലെ ജനങ്ങളെ പൂർണ്ണമായും നിരാശരാക്കിയിരിക്കുന്നു. കേരളത്തിന്റെ വികസന ത്തിൽനിന്ന് മലയോര പ്രദേശങ്ങളെ പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാ

LIBRARY ARCHIVES Kerala Legislative Assembly

ണ്. അനുഗൃഹീതമായ കാലാവസ്ഥയും ആകർഷകമായ പ്രകൃതി ഭംഗിയു മുള്ള ഈ പ്രദേശങ്ങളിൽ ആസൂത്രിതമായ വികസനം നടപ്പിലാക്കുന്നതുവഴി മാത്രമേ ഇനി കേരളത്തിൽ വികസനം സാധ്യമാകൂ എന്ന യാഥാർത്ഥ്യമുണ്ട്. മഴക്കാടുകളും ജല സ്രോതസ്സുകളും സംരക്ഷിക്കുകയും അതുവഴി കേരള ത്തിലെ വൈദ്യുതി ഉൽപ്പാദനം ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് മലയോര പ്രദേശങ്ങളിലെ മാത്രമല്ല കേരളത്തിലെ തന്നെ ആവശ്യമാണ്. ഇതിനൊക്കെ എത്ര മുതൽമുടക്കു വേണം? ബഡ്ജറ്റ് വിഹിതം മാത്രം ആശ്രയിച്ച് വിക സനം സാധ്യമല്ല. വികസനരംഗത്ത് ഒറ്റപ്പെട്ടുപോയ മലയോര പ്രദേശങ്ങളിലെ ജനങ്ങൾ തങ്ങൾക്കു എതിരെയുള്ള അവഗണനയിൽ തികച്ചും അസംതൃപ്ത രാണ്. ലോ റെയിഞ്ച്, ഹൈ റെയിഞ്ച് എന്ന നിലയിൽ ആളുകൾ ചേരി തിരി യുന്ന സാഹചര്യമുണ്ട്. ഈ മലയോര പ്രദേശങ്ങളോടുള്ള അവഗണനയെ സംബന്ധിച്ച് ശ്രീ. എം.എസ്. ജോസഫിന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. മല യോരങ്ങളും മലയോര നിവാസികളും കേരളത്തിന്റെ പുരോഗതിയുടെ പാത യിൽ അവഗണിക്കപ്പെട്ടുപോയത് ഒരു ചരിത്ര സത്യമാണ്. ഐക്യ ജനാധി പത്യ മുന്നണിയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയും മലയോര വികസന അതോറിറ്റിയെക്കുറിച്ച് പ്രകടന പത്രികയിൽ പറഞ്ഞിരുന്നതാണ്. ബഹുമാന പ്പെട്ട കെ.സി. ജോസഫ് ഒരു സബ്മിഷൻ ഉന്നയിച്ചപ്പോൾ മുഖ്യമന്ത്രി പറഞ്ഞ മറുപടി ജനകീയാസൂത്രണമുള്ളതുകൊണ്ട് ഇനി ഒരു പ്രത്യേക വികസന അതോറിറ്റി വേണ്ടെന്നാണ്. പക്ഷേ ജനകീയാസൂത്രണത്തിന്റേയും പഞ്ചാ യത്ത് രാജിന്റേയും അടിസ്ഥാനം ജനസംഖ്യാനുപാതികമായിട്ടുള്ള വികസന മാണ്. ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ ഒറ്റപ്പെട്ടു കിടക്കുന്ന പ്രദേശ ങ്ങൾക്ക് പഞ്ചായത്ത് രാജ് നിയമവും ജനകീയാസൂത്രണവും പ്രയോജനപ്രദമ ല്ല. അതുകൊണ്ട് ഈ പ്രദേശങ്ങൾക്ക് പ്രത്യേക സംരക്ഷണം ഉറപ്പുവരു ത്താൻ കഴിയുന്ന വിധത്തിൽ മലയോര വികസന അതോറിറ്റി രൂപീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥി ക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, മലയോര വികസന അതോറിറ്റി രൂപീകരിക്കുന്നതുസംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 1995-ൽ റവന്യൂ വകുപ്പു സെക്രട്ടറിയായിരുന്ന ശ്രീ. എം.എസ്. ജോസഫിനെ സ്പെഷ്യൽ ഓഫീസറായി നിയോഗിച്ചു. ശ്രീ. എം.എസ്. ജോസഫ് 1996 സെപ്റ്റംബറിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും സർക്കാർ ഇപ്പോൾ നടപ്പാക്കിവരുന്ന വികേന്ദ്രീകൃത ആസൂത്രണ പരിപാടിയുടേയും 9-ാം പഞ്ച വൽസരപദ്ധതിയുടേയും പശ്ചാത്തലത്തിൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളും നിർദ്ദേശങ്ങളും പരിശോധിക്കുന്നതിനും ഇപ്രകാരം ഒരു അതോറിറ്റി രൂപീകരിക്കുന്നതിനെ സംബന്ധിച്ച് അഭിപ്രായങ്ങളും നിർദ്ദേശ ങ്ങളും അറിയിക്കുന്നതിനും സംസ്ഥാന ആസൂത്രണ ബോർഡിനോട് ആവശ്യ പ്പെടുകയും ചെയ്തു. അധികാരവികേന്ദ്രീകരണവും സാമ്പത്തിക ആസൂത്ര ണവും ഫലപ്രദമായി നടപ്പിലാക്കി വരുന്ന സന്ദർഭത്തിൽ മലയോര വികസന ത്തിനായി പ്രത്യേക അതോറിറ്റി രൂപീകരിക്കുന്നത് വിപരീത ഫലം ചെയ്യു മെന്നും ഭാരിച്ച ഭരണച്ചെലവ് ഉണ്ടാക്കുമെന്നും ആസൂത്രണവകുപ്പ് അഭിപ്രായ പ്പെട്ടു. 1992-93-ലെ ബഡ്ജറ്റിൽ സൂചിപ്പിച്ചിരുന്ന മലയോര വികസന അതോ റിറ്റി രൂപീകരണത്തിനുവേണ്ടി ശുപാർശകൾ സമർപ്പിക്കുവാൻ 1993-ൽ നിയോ ഗിച്ച വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ റിപ്പോർട്ടിൽ ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി ആവശ്യമില്ല എന്നാണ് അഭിപ്രായപ്പെട്ടിട്ടുള്ളത്. ഇപ്പോൾ നില വിൽവന്നിട്ടുള്ള ത്രിതലപഞ്ചായത്ത് സംവിധാനത്തിൽ അതാതു പ്രദേശങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളുടെ വികസനം സമഗ്രമായി ചർച്ചചെയ്താണ് നടപ്പിലാക്കുന്നത്. ഈ സാഹചര്യത്തിൽ മലയോര പ്രദേശങ്ങളെ വേർതിരിച്ച് വികസന പ്രക്രിയ തുടങ്ങിയാൽ ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതികളുടെമേൽ മറ്റൊരു പദ്ധതി എന്ന നിലയിൽ ഇതൊരു ആവർത്തനമായിരിക്കും. ഇക്കാരണങ്ങളാൽത്തന്നെ ഒരു മലയോര വികസന അതോറിറ്റി രൂപീകരിക്കേണ്ട ആവശ്യമില്ല.

(3) മോസ്റ്റ് ബാക്ക്വേർഡ് കമ്മ്യൂണിറ്റീസ് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റ് ഉപവാസം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, കേരളത്തിലെ പിന്നോക്ക സമുദായങ്ങളിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ പ്രശ്നമാണ് എനിക്ക് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരാനുള്ളത്. വണികർ, വൈശ്യർ, വിളക്കിത്തലനായർ, പണ്ഡിതർ, വെളുത്തേടത്ത് നായർ, ഗണകച്ചെട്ടി, റെഡ്യാർ, തെലുങ്ക് ചെട്ടി തുടങ്ങിയവർ സമൂഹത്തിൽ ഏറ്റവും പിന്നോക്കംനിൽക്കുന്ന ജനവിഭാഗങ്ങളാണ്. ഇവർ സ്വന്തം കുലത്തൊഴിൽ ചെയ്ത് ഉപജീവനം നടത്തിവരുന്നവരാണ്. ഭരണഘടനയുടെ 15(4), 16(4) വകുപ്പുകളനുസരിച്ച് സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവർക്കാണ് രാഷ്ട്രീയാധികാരത്തിന്റെ ഭാഗമായി സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നിയമനങ്ങളിൽ പ്രത്യേകം സംവരണം നൽകണമെന്ന നിർദ്ദേശമുണ്ടായിട്ടുള്ളത്. പിന്നോക്ക ജനവിഭാഗങ്ങൾക്കിടയിലുള്ള പിന്നോക്കാവസ്ഥയുടെ ഏറ്റക്കുറച്ചിലുകൾ നിർണ്ണയിക്കുന്നതിന് സർവ്വേ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പിന്നോക്കക്കാരിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്. ഏറ്റവും പിന്നോക്കം നിൽക്കുന്ന 63 സമുദായങ്ങൾക്ക് ഇവിടെ ലഭിക്കുന്നത് കേവലം മൂന്ന് ശതമാനം സംവരണം മാത്രമാണ്. ഇതിനുമുമ്പ് ഇവർക്ക് ആറ് ശതമാനം സംവരണം ലഭിച്ചിരുന്നതാണ്. ക്രീമിലെയറിന്റെ മാനദണ്ഡം നിർണ്ണയിക്കുന്നതിന് ഇപ്പോൾ അതുസംബന്ധിച്ച് തെളിവെടുപ്പ് നടന്നുകൊണ്ടിരിക്കുകയാണ്. ഏറ്റവും പിന്നോക്കംനിൽക്കുന്ന ജനവിഭാഗങ്ങളെ ക്രീമിലെയർ സംവിധാനത്തിൽനിന്നും പൂർണ്ണമായും ഒഴിവാക്കപ്പെടുകയാണ്. ഈ ജനവിഭാഗങ്ങളെ Other Eligible Community-യിൽ ഉൾപ്പെടുത്തി കൂടുതൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നകാര്യം കൂടി ആലോചിക്കണം. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മോസ്റ്റ് ബാക്ക് വേർഡ് കമ്മ്യൂണിറ്റീസ് ഫെഡറേഷന്റെ നേതൃത്വത്തിൽ ഇന്ന് സെക്രട്ടേറിയറ്റ് പടിക്കൽ കൂട്ടഉപവാസം നടക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, വിദ്യാഭ്യാസസ്ഥാപനങ്ങളിൽ സീറ്റ് റിസർവേഷൻ, തൊഴിൽ റിസർവേഷൻ എന്നിവയ്ക്കുവേണ്ടി പിന്നോക്ക സമുദായങ്ങളെ പിന്നോക്കം, ഏറ്റവും പിന്നോക്കം എന്ന് രണ്ടായി തിരിച്ച് ഏറ്റവും പിന്നോക്കക്കാർക്ക് പ്രത്യേക സംവരണ കാറ്റഗറി അനുവദിക്കുക, ക്രീമിലെയർ പരിധിയിൽനിന്ന് ഒഴിവാക്കുക തുടങ്ങിയ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ഒരു നിവേദനം മോസ്റ്റ് ബാക്ക് വേർഡ് കമ്മ്യൂണിറ്റീസ് ഫെഡറേഷനിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ട്. സർക്കാർ സർവീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ ജസ്റ്റീസ് നരേന്ദ്രൻ കമ്മിഷനെ

LIBRARY ARCHIVES Kerala Legislative Assembly